**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഒളിമ്പിയ 2024**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒളിമ്പിക്സിൽ മെഡൽ നേടാനുള്ള സാധ്യതകൾ മുൻനിർത്തി കായിക താരങ്ങൾക്ക് തീവ്രപരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്ത ഓപ്പറേഷൻ ഒളിമ്പിയ 2024 എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒളിമ്പിക്സിൽ മെഡൽ നേടാനുള്ള സാധ്യതകൾ മുൻനിർത്തി കായിക താരങ്ങൾക്ക് തീവ്ര പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്ത ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയ്ക്ക് 2020-21 വരെ ഭരണാനുമതി നൽകിയിട്ടുള്ളതും, ആയത് നടപ്പിലാക്കി വരുകയും ചെയ്തിരുന്നു. തുടർന്ന് കോവിഡ് മഹാമാരിയ്ക്ക് ശേഷം ഓപ്പറേഷൻ ഒളിമ്പ്യാ പദ്ധതി പുനഃരാരംഭിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും പ്രസ്തുത പദ്ധതിയിൽ പരിശീലനം നടത്തിയിരുന്ന കായിക താരങ്ങളെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികളിൽ ഉൾക്കൊള്ളിച്ച് തുടർന്നും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ കായിക ഇനങ്ങൾക്കാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ബോക്സിംഗ്, ബാഡ്മിൻറൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായിക ഇനങ്ങളിലാണ് കുട്ടികൾക്ക് പരിശീലനം നൽകിയിരുന്നത്. |

സെക്ഷൻ ഓഫീസർ